**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1137** **07-12-2022 - ൽ മറുപടിയ്ക്ക്**

**ജല അതോറിറ്റിയിലെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജല അതോറിറ്റിയിൽ സാമ്പത്തിക പ്രതിസന്ധി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സർക്കാരിന്റെ നോൺ മെയിന്റനൻസ് ഗ്രാൻഡ് ഇനത്തിലെ വിഹിതം അനുവദിച്ച് കിട്ടാത്തതാണോ നിലവിലെ പ്രതിസന്ധിക്കുള്ള കാരണമെന്ന് വ്യക്തമാക്കുമോ; | (ബി) | ഈ വർഷം നോൺ പ്ലാൻ ഗ്രാന്റ് ഇനത്തിൽ ശമ്പളത്തിനും ശമ്പളേതര വിഭാഗത്തിലുമായി 353.16 കോടി രൂപയാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത തുകയിൽ 6 ഗഡുക്കളായി 137.79 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. 7-ാം ഗഡുവിനുള്ള കേരള വാട്ടർ അതോറിറ്റിയുടെ ശുപാർശ പരിശോധിച്ച് വരുന്നു. |
| (സി) | ശമ്പളം, പെൻഷൻ തുടങ്ങിയ ഇനങ്ങളിലായി പ്രതിമാസം ആവശ്യമായി വരുന്ന തുകയെത്രയെന്ന് വിശദമാക്കുമോ; | (സി) | നവംബർ മാസത്തിൽ ശമ്പള ഇനത്തിൽ 35.50 കോടി രൂപയും പെൻഷൻ ഇനത്തിൽ 24.92 കോടി രൂപയുമാണ് ആവശ്യമായി വരുന്ന തുക. |
| (ഡി) | നവംബർ മാസത്തെ വരവിനത്തിൽ ജല അതോറിറ്റിക്ക് ലഭിച്ച തുക എത്രയെന്നും ആയത് പ്രതിമാസ ചെലവുകൾക്ക് പര്യാപ്തമാണോ എന്നും അല്ലെങ്കിൽ ജീവനക്കാരുടെ നവംബർ മാസത്തെ ശമ്പളം മുടങ്ങുന്ന സാഹചര്യം നിലവിലുണ്ടോ എന്നും വ്യക്തമാക്കുമോ; | (ഡി) | നവംബർ മാസത്തിൽ വാട്ടർ ചാർജ് ഇനത്തിൽ 70.82 കോടി രൂപ പിരിഞ്ഞു കിട്ടിയത് അതോറിറ്റിയുടെ പ്രതിമാസ ചെലവുകൾക്ക് പര്യാപ്തമല്ല. എങ്കിലും നവംബർ മാസത്തെ ശമ്പളം 01/12/2022 ന് വിതരണം ചെയ്തിട്ടുണ്ട്. |
| (ഇ) | വിവിധ സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുവാനുള്ള വെള്ളക്കരക്കുടിശ്ശിക തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (ഇ) | 26/11/2022 ലെ കണക്കനുസരിച്ച് വിവിധ സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുവാനുള്ള ആകെ വാട്ടർ ചാർജ്ജ് കുടിശ്ശിക 269.74 കോടി രൂപയാണ്. സ്ഥാപനം തിരിച്ചുള്ള വാട്ടർ ചാർജ്ജ് കുടിശ്ശിക അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Sl. No. | Name of Government Department | Amount (Rs.) |
|---|---|---|
| 1 | Agriculture | 9,50,256 |
| 2 | Ayurveda Medical Education | 85,96,032 |
| 3 | Tourism Department | 4,17,12,902 |
| 4 | Civil supplies | 1,34,844 |
| 5 | Cooperative Societies | 2,60,35,361 |
| 6 | Corporation department | 6,79,44,391 |
| 7 | Employment | 1,34,869 |
| 8 | Excise Department | 44,29,208 |
| 9 | Fire & Rescue Department | 6,05,329 |
| 10 | Forest | 10,55,41,805 |
| 11 | General Education Department | 16,46,47,173 |
| 12 | Harbour Engineering department | 15,55,516 |
| 13 | Industries and commerce | 40,10,058 |
| 14 | Institute of Land & Disaster Management, | 1,98,533 |
| 15 | Irrigation | 94,09,228 |
| 16 | Judiciary | 1,61,95,204 |
| 17 | Medical College and Health Department | 152,63,65,452 |
| 18 | Municipality | 14,49,08,743 |
| 19 | P W D | 27,83,31,037 |
| 20 | Panchayath Department | 4,79,79,996 |
| 21 | Police Head Quarters | 10,37,49,624 |
| 22 | Prisons | 2,62,42,142 |
| 23 | Registration Department | 11,20,152 |
| 24 | Revenue Department | 6,41,38,618 |
| 25 | SC ST Department | 28,15,067 |
| 26 | Social Welfare | 41,44,860 |
| 27 | Sports Department | 25,94,391 |
| 28 | Others | 4,30,01,188 |
| | **Total** | **269,74,91,979** |